LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.ബി. വായ്പയും ഭരണ നവീകരണ പദ്ധതിയും

7 [319] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി.-യുടെ രണ്ടാം ഗഡു വായ്പ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വായ്പ നൽകുന്നതിന് എ.ഡി.ബി.-യുമായി ഉണ്ടാക്കിയിട്ടുള്ള ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഭരണ നവീകരണ പദ്ധതി (എം.ജി.പി.) യുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് സംസ്ഥാന സർക്കാർ സർവ്വീസിൽ നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുനഃസംഘടനയ്ക്കും പരിഷ്ക്കാരങ്ങൾക്കുമായി ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളെയും ഡിപ്പാർട്ടുമെന്റുകളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) എം.ജി.പി.-യുടെ ഭാഗമായി കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) വ്യവസ്ഥകൾ അനുബന്ധമായി † കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്.

(സി) സർക്കാർ നൽകുന്ന സേവനത്തിന്റെ ലഭ്യത ഉറപ്പുവരുത്തുകയും അതിന്റെ നിലവാരം ഉയർത്തുകയുമാണ് ഭരണ നവീകരണ പരിപാടിയുടെ ലക്ഷ്യം. പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടേയുള്ളൂ.

(ഡി) ധനകാര്യം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, ഭക്ഷ്യം, പൊതുഭരണം, പൊതുവിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, വിവര സാങ്കേതികവിദ്യ, പബ്ലിക് റിലേഷൻസ്, തൊഴിൽ, തദ്ദേശ സ്വയംഭരണം, ആസൂത്രണം, സാമൂഹ്യക്ഷേമം, സ്റ്റോർ പർച്ചേസ്, ഗതാഗതം, ജലവിഭവം, എന്നീ വകുപ്പുകളെയാണ് ഭരണ നവീകരണ പരിപാടിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഈ വകുപ്പുകളുടെ പ്രാധാന്യമാണ് അവ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം.

(എഫ്) എം.ജി.പി. പുറപ്പെടുവിച്ച പ്രധാന ഉത്തരവ് (സർവ്വീസ് ഡെലിവറി പ്രോജക്ടിൻ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്) അനുബന്ധം † ആയി വച്ചിരിക്കുന്നു. ഇതിനു പുറമെയുള്ള എല്ലാ ഉത്തരവുകളും സാധാരണ ദൈനംദിന കാര്യങ്ങൾക്കായുള്ളവയാണ്. ഇവ എം.ജി.പി.-യുടെ ഇന്റർനെറ്റ് ജാലികയായ www.keralamgp.org-ൽ പൂർണ്ണരൂപത്തിൽ ലഭ്യമാണ്.

എ.ഡി.ബി. രണ്ടാം ഗഡുവായ്പ

8 [320] ശ്രീ. പി. സി. ജോർജ്ജ്:
„ കെ. പി. സതീശ്ചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിന്റെ രണ്ടാം ഗഡു വായ്പ സംബന്ധിച്ച് സംസ്ഥാന സർക്കാർ എ.ഡി.ബി. പ്രതിനിധികളുമായി ചർച്ച നടത്തിയോ;

(ബി) എങ്കിൽ എന്നാണ് ചർച്ച നടത്തിയത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു വായ്പ എന്നത്തേയ്ക്കു ലഭിയ്ക്കുമെന്ന് അറിയിയ്ക്കാമോ;

(ഡി) ഒന്നാം ഗഡു വായ്പ നൽകിയ സമയക്രമം അനുസരിച്ച് രണ്ടാം ഗഡു വായ്പ എന്നാണ് ലഭിയ്ക്കേണ്ടിയിരുന്നത്;

(ഇ) ഒന്നാം ഗഡു വായ്പ അനുവദിച്ചപ്പോൾ എ.ഡി.ബി. എന്തെല്ലാം വ്യവസ്ഥകളാണ് മുന്നോട്ട് വെച്ചത്; പ്രസ്തുത വ്യവസ്ഥകൾ നടപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(എഫ്) രണ്ടാം ഗഡു വായ്പ നൽകുന്നതിനു മുമ്പായി പാലിയ്ക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാന സർക്കാർ പാലിച്ചിട്ടുണ്ടോ;

(ജി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly